ഉത്തരം

(എ) 19 ആനകൾ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ കേസുകളിലും കൊമ്പ് നഷ്ടപ്പെട്ടിരുന്നു.

(സി) അതെ.

(ഡി) 5 ആനകളുടെ കൊമ്പുകൾ കണ്ടെത്തിയിട്ടുണ്ട്. സംശയാസ്പദമായ സ്ഥലങ്ങളിൽ റെയിഡും, അന്വേഷണവും നടത്തിയതിന്റെ ഫലമായിട്ടാണ് കൊമ്പുകൾ കണ്ടെത്തിയിട്ടുള്ളത്. പ്രതികളുടെ വീട്ടിൽ പരിശോധന നടത്തുകയും പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. എല്ലാ കേസുകളും ചാർജ്ജ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സൂര്യാഘാതവും രോഗങ്ങളും മൂലം ജീവഹാനി സംഭവിച്ച മൃഗങ്ങളും ചെരിഞ്ഞ ആനകളും

127 [1261] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേവരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സൂര്യാഘാതം വഴിയും ആന്ത്രാക്സ് രോഗം ബാധിച്ചും എത്ര മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നിമിത്തം എത്ര ആനകൾ (കാട്ടാനകളും നാട്ടാനകളും) ചെരിഞ്ഞിട്ടുണ്ട്;

(സി) മറ്റ് എത്ര മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(ഡി) അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ എത്ര ആനകൾ ആനക്കൊമ്പ് വേട്ടക്കിരയായിട്ടുണ്ട്;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്നും അതിൽ കാട്ടാനകൾ എത്രയെന്നും നാട്ടാനകളെത്രയെന്നും വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ആനകളുണ്ടെന്നും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ എത്ര ആനകളുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 25 ആനകൾക്കും 26 കാട്ടുപോത്തുകൾക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്. ആന്ത്രാക്സ് രോഗം മൂലം സംസ്ഥാനത്ത് മൃഗങ്ങൾക്ക് ജീവഹാനി ഉണ്ടായിട്ടില്ല.

(ബി) ഈ കാലയളവിൽ സൂര്യാഘാതവും വരൾച്ചയും മൂലം 25 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. എന്നാൽ നാട്ടാനകളുടെ എണ്ണം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 27 മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ഡി) 21 കാട്ടുപോത്ത്, 5 മാൻ, 1 സാമ്പാർ എന്നീ മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ഇ) 19 കൊമ്പനാനകൾ ആനക്കൊമ്പ് വേട്ടയിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

(എഫ്) 2002 മേയ് മാസത്തിൽ നടന്ന അവസാന സെൻസസ് അനുസരിച്ച് കേരളത്തിൽ 6939 കാട്ടാനകൾ ഉണ്ട്. ഉദ്ദേശം 800-ൽ കൂടുതൽ നാട്ടാനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

(ജി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ആനകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഏകദേശം 800-ൽ കൂടുതൽ ആനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

സ്വന്തമായി ആനകളെ വളർത്തുന്നതിന് ലൈസൻസ്

128 [1262] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ആനകളെ വളർത്തുന്നതിന് സർക്കാർ ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ഉടമകൾക്ക് എത്ര ആനകളുണ്ട് എന്നത് സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആനപ്പാപ്പാൻമാർക്ക് പരിശീലനം നൽകുന്നതിന് സർക്കാർ ഏതെങ്കിലും സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ;

(ഡി) പരിശീലനം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ആനകളെ വാങ്ങുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ഉടമസ്ഥതയിൽ ഉദ്ദേശം 800-ൽ കൂടുതൽ ആനകളുണ്ടെന്ന് ഒരു ഏകദേശ കണക്കെടുപ്പ് കാണിക്കുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly